(സി) പരമ്പരാഗത രീതിയിൽ മാറ്റം വരുത്തി, സുലഭമായ മറ്റു നിർമ്മാണ സാമഗ്രികൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം നിർമ്മാണത്തെ ചില സ്ഥലങ്ങളിൽ മന്ദീഭവിപ്പിക്കുന്നുണ്ട്.

(ബി&സി) നിർമ്മാണത്തിന് ദൗർലഭ്യം നേരിടുന്ന വസ്തുക്കൾക്ക് പകരമായി മറ്റു വസ്തുക്കൾ ഉപയോഗിക്കുവാനുള്ള ഫലപ്രദമായ സാങ്കേതിക വിദ്യകൾ തൽക്കാലം നമ്മുടെ സംസ്ഥാനത്ത് ലഭ്യമല്ല. ഇത് സംബന്ധമായി നമ്മുടെ രാജ്യത്തും ആഗോളതലത്തിലും നടന്നുവരുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി ഉരുത്തിരിയുന്ന സാങ്കേതികവിദ്യ നമ്മുടെ സംസ്ഥാനത്തിന് യോജിക്കുന്നവയാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇ-മണൽ പദ്ധതിയിൽ [illegible]പ്പെടുത്തി സർക്കാർ സംവിധാനങ്ങൾ വഴി ചില നിർമ്മാണ പ്രവൃത്തികൾക്ക് മിതമായ നിരക്കിൽ മണൽ ലഭ്യമാക്കുന്നുണ്ട്. ഓഫ് ഷോർ സാന്റ് ഉപയോഗിച്ചുള്ള കോൺക്രീറ്റ്, ഫ്ലൈ ആഷ് ബ്രീക്ക് മുതലായവയുടെ പഠനം നടത്തിവരുന്നു.

കുന്നംകുളം നിയോജകമണ്ഡലത്തിലെ ചൂണ്ടൽ പഴുന്നാന - മരത്തംകോട് റോഡ്

264 (4896) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചൂണ്ടൽ പഴുന്നാന-മരത്തംകോട് റോഡ് പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; സാങ്കേതിക അനുമതിക്കു ശേഷം ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ;

(ബി) ഭരണാനുമതി ലഭിച്ചിട്ട് ഒരു വർഷത്തോളമായിട്ടും റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി വൈകുന്നതിന്റെ കാരണമെന്താണ്; വിശദാംശം വ്യക്തമാക്കാമോ;

(സി) കഴിവതും വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചൂണ്ടൽ-പഴുന്നാന-മരത്തംകോട് റോഡ് പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും സ്വീകരിക്കുവാൻ ഒരു കരാറുകാരനും മുന്നോട്ടു വന്നില്ല. ആയതിനാൽ ക്വോട്ടേഷൻ സ്വീകരിക്കുകയും ആയത് അംഗീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ കോട്ടരുവം ഭാഗത്തെ മണ്ണിടിച്ചിൽ

265 (4897) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്തുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ അശാസ്ത്രീയമായ നിർമ്മാണം മൂലം കോട്ടരുവം ഭാഗത്ത് മണ്ണിടിഞ്ഞ് ഏത് സമയത്തും ഒരു ദുരന്തം ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉന്നത തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തി ദുരന്ത സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) മണ്ണിടിയാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് അശാസ്ത്രീയമായ നിർമ്മാണം മൂലം അല്ല. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നിർമ്മാണം പുരോഗമിച്ചു വരുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൽ കോട്ടരുവം ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തി ചെയ്ത സമയത്ത് മണ്ണ് ഇടിഞ്ഞു വീഴുകയുണ്ടായി. ഉടൻ തന്നെ അതിനുള്ള സംരക്ഷണ നടപടി എടുക്കുകയുണ്ടായി. മണ്ണിടിയാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധയോടെയാണ് പ്രവൃത്തികൾ ചെയ്യുന്നത്. ഇതിലെ പ്രശ്നങ്ങൾ മുന്നിൽ കണ്ട് ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന സൂപ്പർവിഷൻ കൺസൾട്ടന്റ് ഈ രംഗത്തെ വിദഗ്ധനെ കൊണ്ട് പ്രസ്തുത സ്ഥലം പരിശോധിക്കുകയും വിദഗ്ധ നിർദ്ദേശം തേടുകയുമുണ്ടായി. ഇതിൻ പ്രകാരം ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി നടത്തുന്ന കരാറുകാരനായ M/s. RDS Projects-നെ കൊണ്ട് ഡിസൈൻ മാറ്റുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly